<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **5152** | **30.06.2014**-ൽ മറുപടിക്ക്.

## ഫയർ & റെസ്ക്യൂ സർവ്വീസസ് പരിഷ്ക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഫയർ & റെസ്ക്യൂ സർവ്വീസിന്റെ പരിഷ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | : | മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫയർ & റെസ്ക്യൂ വകുപ്പിനെ സംബന്ധിച്ച പദ്ധതികൾ താഴെപ്പറയുന്നു.<br>i) വിതുര, പത്തനാപുരം, പീരുമേട് , കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്. ആയതിൽ പത്തനാപുരം ഒഴികെയുള്ള സ്ഥലങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>ii) പ്രൈവറ്റായി അഗ്നിശമന കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കായി വിയ്യൂർ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ സെൽഫ് ഫിനാൻസിങ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു;<br>iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റസിഡന്റ്സ് അസ്സോസിയേഷനുകളുടെയും സഹകരണത്തോടെ ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന സ്കൂൾ കുട്ടികൾക്ക് നീന്തലിലും പ്രാരംഭ അഗ്നിശമന പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതാണ്. ടി സംരംഭം ആരംഭിക്കുന്നതിനായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു കൂട്ടുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br>iv) [illegible] ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കും ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്കും പ്രാഥമിക അഗ്നിശമനം സംബന്ധിച്ചുള്ള പരിശീലന പദ്ധതി നടപ്പിലാക്കുന്നതാണ്. |

v) ഗതാഗതക്കുരിക്ക് മൂലം അപകടസ്ഥലങ്ങളിലെത്താൻ കാലതാമസംവരുന്നുവെന്ന വസ്തുത പരിഗണിച്ച്, കോർപ്പറേഷന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകളുടെ 5 കിലോമീറ്റർ ചുറ്റളവിൽ വരുന്ന വിവിധ ഭാഗങ്ങളിൽ അഗ്നിരക്ഷാ വാഹനങ്ങളും മറ്റു പ്രധാന ഉപകരണങ്ങളും തിരക്കേറിയ വാഹനഗതാഗത സമയത്ത് വിന്യസിച്ച്, അപകട സ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ആയതിന് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് 36 ഓളം സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി കാര്യത്തിന് കോർപ്പറേഷൻ പരിധിയിലും സമീപ പ്രദേശങ്ങളിലുമുള്ള അഗ്നിരക്ഷാ വാഹനങ്ങൾ, ജീവനക്കാർക്ക് ആവശ്യമുള്ള താൽക്കാലിക ഷെഡുകൾ ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങൾ എന്നിവ ആവശ്യമായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമായും മറ്റ് സംഘടനകളുമായും ചർച്ച ചെയ്ത് നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ